20/1/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 328(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 6121/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 19**

ശ്രീമതി വസന്ത വി.,
ചൈത്രം, ഒ.വി.ആർ.എ.–എ4,
ഒബ്സർവേറ്ററി ലെയ്ൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 695 033. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
മ്യൂസിയം പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി.
2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,
അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയം,
കന്റോൺമെന്റ്, തിരുവനന്തപുരം. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 08.06.2022–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കിയില്ല എന്നാരോപിച്ചു ഹർജിക്കാരി 28.6.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ രണ്ടാം എതിർകക്ഷിയിൽ നിന്നും 30.7.2022 തീയതി റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ 12.8.2022 തീയതി ഹാജരാക്കിയ റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ മുൻ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകയെ ബന്ധപ്പെടുന്നതിന് മൊബൈൽ/ഫോൺ നമ്പരുകൾ ലഭ്യമല്ലാത്തതിനെ തുടർന്ന് ടി ഓഫീസിൽ ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് 18.7.2022 തീയതി ഹാജരാവുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 14.7.2022 തീയതി അപേക്ഷകയുടെ മേൽവിലാസത്തിൽ നോട്ടീസ് അയച്ചിട്ടുള്ളതും ഹർജിക്കാരി ടി നോട്ടീസ് കൈപ്പറ്റി 18.7.2022 തീയതി ടി ഓഫീസിൽ ഹാജരായിട്ടുള്ളതുമാണ് എന്നും ടി ഓഫീസിൽ ഹാജരായ അപേക്ഷകയുമായി രണ്ടാം എതിർകക്ഷി, ഒന്നാം എതിർകക്ഷിയായ മ്യൂസിയം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സാന്നിധ്യത്തിൽ നേരിട്ട് സംസാരിച്ചിട്ടുള്ളതും ഈ സമയം അപേക്ഷകയുടെ ഹർജ്ജി സംഗതിക്ക് മറുപടി തയ്യാറാക്കുന്നതിന് ആധാരമായ ഏതെങ്കിലും രേഖ നേരിട്ട് പരിശോധിക്കുന്നതിനോ

ടി രേഖകളുടെ പകർപ്പ് എടുക്കുന്നതിനോ ഹർജിക്കാരി ആവശ്യപ്പെട്ടിട്ടില്ലാത്തതാണെന്നുമാണ്.

2. മേൽപ്പടി വിശദീകരണവും, എതിർകക്ഷികളെയും ഹർജിക്കാരിയേയും നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിക്കുകയുണ്ടായി. എതിർകക്ഷികളേയും ഹർജിക്കാരിയെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ പരാതിയുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ടിയാൾക്ക് പരിശോധിക്കുന്നതിന് നൽകുകയുണ്ടായി. കമ്മീഷന്റെ മുൻ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഹർജിക്കാരിയ്ക്കും ടിയാളുടെ ഭർത്താവിനും ഫയലുകൾ നേരിട്ടു കാണുന്നതിനുള്ള അവസരം നൽകിയെങ്കിലും അവർ തൃപ്തരായിരുന്നില്ലെന്ന് കമ്മീഷനു മുമ്പാകെ എതിർകക്ഷികൾ അറിയിക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ഹർജിക്കാരിയുടെ അപേക്ഷയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉൾപ്പെട്ടവർക്കെതിരെ പോലീസ് നടപടി സ്വീകരിക്കുന്നില്ലായെന്നതാണ് ടിയാളുടെ പ്രധാന ആവശ്യമെന്ന് കമ്മീഷനു ബോധ്യപ്പെടുകയുണ്ടായി. എന്നാൽ പരാതി പരിഹാരം എന്നത് കമ്മീഷന്റെ ചുമതലയിൽ വരുന്ന കാര്യമല്ല. വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലെ വിഷയത്തിൻമേൽ ശ്രീമതി വസന്തയുടെ മകന് യാതൊരുവിധ പരാതിയുമില്ല എന്ന കത്ത് ബന്ധപ്പെട്ട പോലീസ് അധികാരികളെ എഴുതി അറിയിച്ച കാര്യം കമ്മീഷന് വ്യക്തമായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ രേഖകളും കമ്മീഷൻ മുമ്പാകെ എതിർകക്ഷികൾ കാണിക്കുകയുണ്ടായി. ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൽ പ്രതിപാദിക്കുന്ന ചില വ്യക്തികൾക്കെതിരെ കേസ് എടുക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യം ബന്ധപ്പെട്ട കോടതിയിലോ, പോലീസ് വകുപ്പിലോ സർക്കാരിലോ ബന്ധപ്പെട്ട് പരിഹരിക്കേണ്ട വിഷയമാണ്. ആയത് വിവരാവകാശ നിയമപ്രകാരം പരിഹരിക്കാൻ കഴിയുന്നവയല്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ എതിർകക്ഷികൾക്ക് നിർദ്ദേശങ്ങളൊന്നും നൽകാൻ നിർവ്വാഹമില്ല.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 19-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

us